(ബി-ഡി) അസുഖം വന്നതും അവശരും പരിക്കേറ്റതുമായ മൃഗങ്ങളെ സംരക്ഷിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തശേഷം അവ ആരോഗ്യം വീണ്ടെടുക്കുമ്പോൾ അവയുടെ സ്വാഭാവിക വന്യ ആവാസ വ്യവസ്ഥയിലേക്ക് പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ മുത്തങ്ങ, പറമ്പിക്കുളം വൈൽഡ് ലൈഫ് ഡിവിഷനിലെ ആനപ്പാടിയും, ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിലെ തട്ടേക്കാട്, സൈലന്റ് വാലി ഡിവിഷൻ എന്നിവിടങ്ങളിൽ മൃഗങ്ങൾക്കായുള്ള പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങിയിട്ടുള്ളത്. അസുഖം വന്നതും രോഗം വന്നതും പരിക്കേറ്റതും അവശരുമായ മൃഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി ഇപ്രകാരം പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് വനം വകുപ്പിന് അധികാരമുണ്ട്. ഇപ്രകാരം പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് പ്രത്യേക സർക്കാർ അനുമതി വേണ്ട ഇത് വന്യജീവി പരിപാലനത്തിന്റെ ഒരു ഭാഗമാണ്. മലമ്പുഴ സ്നേക്ക് പാർക്ക് 8-7-2000-ൽ കേന്ദ്ര സൂ അതോറിട്ടി പരിശോധിച്ചു. സൂ അതോറിട്ടിയുടെ അവസാന റിപ്പോർട്ട് പ്രതീക്ഷിക്കുന്നു.

(ഇ) കഴിഞ്ഞ അഞ്ചു വർഷത്തെ ചെലവു കണക്കുകൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

(എഫ്) ബി,സി&ഡി വിഭാഗങ്ങൾക്കു നൽകിയിട്ടുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ അംഗീകാരമുള്ള കേരളത്തിലെ മൃഗശാലകൾ

8 (1558) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ അംഗീകാരമുള്ള കേരളത്തിലെ മൃഗശാലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്ഥാപനങ്ങൾക്ക് സൂ അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(സി) ഇവിടെയുള്ള മൃഗങ്ങൾക്ക് ഓണർഷിപ്പ് ലൈസൻസ് ലഭിച്ചിട്ടുണ്ടെന്നും ഏതെല്ലാം മൃഗങ്ങൾക്ക് ഓണർഷിപ്പ് ലൈസൻസ് ലഭിച്ചിട്ടില്ലെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്തും, തൃശൂരും ഉള്ള രണ്ടു മൃഗശാലകളാണ് സർക്കാർ അംഗീകാരമുള്ളത്.

(ബി) ഉണ്ട്. തിരുവനന്തപുരം മൃഗശാലയ്ക്ക് സെൻട്രൽ സൂ അതോറിട്ടിയുടെ 20-4-2000-ലെ എഫ്- 19-72/92-സി. ഇസഡ്എ (139) (എൻ) നമ്പർ കത്തു പ്രകാരം 31-05-2002 വരെ അംഗീകാരം ലഭിച്ചിട്ടുണ്ട്. തൃശൂർ മൃഗശാലയ്ക്ക്, സെൻട്രൽ സൂ അതോറിട്ടിയുടെ 27-02-1996-ലെ 19-113/92-

LIBRARY ARCHIVES Kerala Legislative Assembly

സിഇസഡ്എ നമ്പർ കത്തു പ്രകാരം മൃഗശാല കൂടുതൽ സ്ഥലസൗകര്യം ഉള്ളിടത്തേക്ക് മാറ്റി സ്ഥാപിക്കണമെന്ന വ്യവസ്ഥക്ക് വിധേയമായി 28-2-1998 വരെ അംഗീകാരം ലഭിച്ചിട്ടുണ്ട്. തുടർന്ന് അംഗീകാരം പുതുക്കുന്നതിന്, മൃഗശാല പുതിയ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും ഇപ്പോഴുള്ള മൃഗങ്ങളെ അവിടേക്ക് മാറ്റുകയും ചെയ്യണമെന്നും ഇതിന് സെൻട്രൽ സൂ അതോറിട്ടിയുടെ ഭാഗികമായ ധനസഹായം നൽകാമെന്നും സെൻട്രൽ സൂ അതോറിട്ടിയുടെ 29-08-2000-ലെ 119-113/92 സിഇസഡ്എ (140) നമ്പർ കത്തു പ്രകാരം അറിയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം മൃഗശാല മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി തൃശൂരിലെ പുത്തൂർ പഞ്ചായത്തിൽ നിന്നും 250 ഹെക്ടർ വനഭൂമി മ്യൂസിയം&സൂ വകുപ്പിന് വിട്ടുകിട്ടുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട്, 1972 (1991-ൽ അമന്റ് ചെയ്തത്) സെക്ഷൻ 40, സബ്സെക്ഷൻ 4 പ്രകാരം അംഗീകൃത മൃഗശാലകൾക്ക് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ആവശ്യമില്ല. എന്നിരുന്നാലും ഈ മൃഗശാലകളിലേക്ക് പുതിയ മൃഗങ്ങളെ കൊണ്ടുവരുന്നത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അറിവോടുകൂടിയാണ്.

സംസ്ഥാനത്ത് വംശനാശ ഭീഷണി നേരിടുന്ന 'നീലഗിരിതാർ'

9 (1559) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ടി. കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വംശനാശ ഭീഷണി നേരിടുന്ന 'നീലഗിരിതാർ' എന്ന വരയാടുകളുടെ സംരക്ഷണം മുൻനിർത്തി എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) വരയാടുകളുടെ സംരക്ഷണപദ്ധതി, സംസ്ഥാനത്തെ ഏത് വനമേഖലയിൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ വനപ്രദേശങ്ങളിലായിരുന്നു വരയാടുകൾ ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) വരയാടുകളുടെ സംരക്ഷണത്തിനായി ഇരവികുളത്ത് സ്ഥാപിച്ചിരുന്ന നാഷണൽ പാർക്ക് ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുക്കാൻ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ;

(എഫ്) എങ്കിൽ ഇരവികുളത്ത് നാഷനൽ പാർക്ക് സ്ഥാപിച്ചതിലൂടെ വരയാടുകളുടെ സംരക്ഷണത്തിനായി എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly